# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 04.09.2026**

### പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ **EOS**-05 വിജയകരമായി വിക്ഷേപിച്ച് ഐ എസ് ആർ ഒ. ബഹിരാകാശ മേഖലയിലെ രാജ്യത്തെ കരുത്തിന്റെ പ്രതിഫലനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സുപ്രീം കോടതിയുടെ ആതിഥേയത്വത്തിൽ നടക്കുന്ന ബ്രിക്സ് രാജ്യങ്ങളിലെ ചീഫ് ജസ്റ്റിസുമാരുടെ ഫോറം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
3. സംസ്ഥാന മന്ത്രിസഭയ്ക്കായി കോഴിക്കോട് ഐ ഐ എമ്മിൽ നടക്കുന്ന റീ ഇമാജിനിംഗ് കേരളം ശില്പശാല മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു.
4. അഷ്ടമി രോഹിണി ദിനത്തിൽ, ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ, സംസ്ഥാനത്തും വിപുലമായ ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങൾ.
5. രാജ്യത്തെ തുറമുഖങ്ങൾ, ഹരിത ഇന്ധനങ്ങൾക്കായി സജ്ജമാകണമെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ.
6. കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിന്റെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും.

****************

RNU TVPM

## ഐ എസ് ആർ ഒ-ഉപഗ്രഹം

ഇന്ത്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 നെ വഹിച്ചുകൊണ്ടുള്ള GSLV-F17 റോക്കറ്റ് ഐ.എസ്.ആർ.ഒ വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലുള്ള സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് ഇന്ന് പുലർച്ചെയായിരുന്നു വിക്ഷേപണം. വിക്ഷേപണം നടന്ന് 18 മിനിറ്റിനുള്ളിൽ 2,367 കിലോഗ്രാം ഭാരമുള്ള ഉപഗ്രഹത്തെ ലക്ഷ്യമിട്ട സബ്-ജിയോസിൻക്രണസ് ട്രാൻസ്ഫർ ഓർബിറ്റിൽ വിജയകരമായി എത്തിച്ചതായി ഐ.എസ്.ആർ.ഒ അറിയിച്ചു. അത്യാധുനിക സാങ്കേതികവിദ്യയോടെയുള്ള ഈ ഉപഗ്രഹം ജിയോ സിക്രണൈസ് ഭ്രമണപഥത്തിൽ സ്ഥാപിക്കുന്ന ഇന്ത്യയുടെ ആദ്യ ഇമേജിങ് ഉപഗ്രഹമാണ്. ഭൗമനിരീക്ഷണം ശക്തമാക്കുന്നതിനും തത്സമയ ചിത്രങ്ങൾ നൽകുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ള ഈ ഉപഗ്രഹം കൃഷി, പ്രകൃതിവിഭവ നിരീക്ഷണം, ദുരന്തനിവാരണം എന്നിവയ്ക്ക് ഏറെ സഹായകരമാകും. ദൗത്യം വിജയകരമായി പൂർത്തിയാക്കിയതിലൂടെ ഇന്ത്യയുടെ ഭൗമനിരീക്ഷണ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുമെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ വി. നാരായണൻ പറഞ്ഞു.

****************

RNU TVPM

## EOS-05-പ്രധാനമന്ത്രി

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 ന്റെ വിജയകരമായ വിക്ഷേപണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഭാരതത്തിന്റെ ബഹിരാകാശ മേഖലയുടെ മികവിന്റെയും നവീകരണത്തിന്റെയും വളരുന്ന ശേഷിയുടെയും പ്രതിഫലനമാണ് ഈ വിജയമെന്ന് സമൂഹമാധ്യമക്കുറിപ്പിൽ പ്രധാനമന്ത്രി വ്യക്തമാക്കി. ഐ.എസ്.ആർ.ഒയും ഇന്ത്യൻ വ്യവസായ മേഖലയും തമ്മിൽ വളർന്നുവരുന്ന പങ്കാളിത്തം രാജ്യത്തിന്റെ ബഹിരാകാശ പദ്ധതികൾക്ക് പുതിയ കരുത്തും വ്യാപ്തിയും നൽകുന്നുണ്ടെന്നും ബഹിരാകാശ മേഖലയിലാകെ ഇന്ത്യയുടെ ശേഷി വർദ്ധിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

****************

## ബ്രിക്സ്

ബ്രിക്സ് രാജ്യങ്ങളിലെ ചീഫ് ജസ്റ്റിസുമാരുടെ ഫോറം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. സുപ്രീം കോടതിയുടെ ആതിഥേയത്വത്തിൽ നടക്കുന്ന ഉച്ചകോടിയിൽ ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നും പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുമുള്ള ചീഫ് ജസ്റ്റിസുമാരും പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. നീതി ന്യായ വിതരണം, അന്താരാഷ്ട്ര തർക്ക പരിഹാരം, സാങ്കേതികവിദ്യ, സുസ്ഥിര വികസനം എന്നീ വിഷയങ്ങളിൽ അനുഭവങ്ങൾ പങ്കുവെക്കാനും ചർച്ചകൾ നടത്താനും ഈ ഫോറം വേദിയാകും.

****************

## റീഇമാജിനിങ് കേരളം (ഇൻട്രോ)

കേരളത്തിന്റെ ഭാവി വികസനത്തിന് പുതിയ ആശയങ്ങളും തന്ത്രപരമായ സമീപനങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സംവാദ വേദിയായ 'റീഇമാജിനിങ് കേരളം' കോഴിക്കോട് ഐ.ഐ.എം. ക്യാമ്പസിൽ പുരോഗമിക്കുന്നു. മുഖ്യമന്ത്രി വി ഡി സതീശൻ പരിപാടി ഉദ്ഘാടനം ചെയ്തു. **വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

**(വോയ്സ്)**

****************

## മുഖ്യമന്ത്രി-ശില്പശാല

ഭരണരംഗത്ത് പ്രൊഫഷണലിസവും കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുകയാണ് കോഴിക്കോട് ഐ.ഐ.എമ്മിൽ ആരംഭിച്ച രണ്ട് ദിവസത്തെ പ്രത്യേക പരിശീലനത്തിൻ്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. നിർമ്മിത ബുദ്ധി യുഗത്തിലെ ഭരണനേതൃത്വം, കാലാവസ്ഥാ പ്രതിരോധം, ദുരന്തനിവാരണം, ധനകാര്യ നവീകരണം പൊതുജനാരോഗ്യ രംഗത്തെ വെല്ലുവിളികളും സാധ്യതകളും തുടങ്ങി വിവിധ സെഷനുകളുണ്ടാകുമെന്നും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

****************

## ജന്മാഷ്ടമി- ആശംസ

ജന്മാഷ്ടമി ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ആശംസകൾ നേർന്നു. ഭഗവാൻ ശ്രീകൃഷ്ണന്റെ ജീവിതവും സന്ദേശങ്ങളും ഭാരതീയ സംസ്കാരത്തിനും തത്ത്വചിന്തയ്ക്കും പുതുജീവൻ പകരുന്നതാണെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. പറഞ്ഞു. സത്യം, ധർമ്മം, കർത്തവ്യബോധം, എന്നിവയുടെ പാതയിൽ സഞ്ചരിക്കാൻ ഭഗവാൻ കൃഷ്ണന്റെ ജീവിതവും സന്ദേശങ്ങളും മാനവരാശിയെ പ്രചോദിപ്പിക്കുന്നതായി ഉപരാഷ്ട്രപതി പറഞ്ഞു. ഭഗവാൻ ശ്രീകൃഷ്ണന്റെ സന്ദേശങ്ങൾ മാനവരാശിയെ നിരന്തരം നയിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

****************

RNUTVPM

## ശ്രീകൃഷ്ണ ജയന്തി-ഗവർണർ

ശ്രീകൃഷ്ണ ജയന്തി ദിനത്തിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഭഗവാൻ ശ്രീകൃഷ്ണന്റെ ജീവിതവും ഉപദേശങ്ങളും സത്യത്തിന്റെയും കരുണയുടെയും പാതയിലൂടെ മനുഷ്യരാശിയെ നയിക്കുന്നത് തുടരുന്നതായി ഗവർണർ സന്ദേശത്തിൽ പറഞ്ഞു. സമധാനത്തിന്റെയും സാഹോദര്യത്തിന്റെയും മൂല്യങ്ങൾ ഉറപ്പുവരുത്താൻ ഈ ആഘോഷം പ്രേരണയാകട്ടെ എന്നും ഗവർണർ ആശംസിച്ചു. മുഖ്യമന്ത്രി വി ഡി സതീശനും ജന്മാഷ്ടമി ആശംസകൾ നേർന്നു.

****************

## അഷ്ടമിരോഹിണി

അഷ്ടമിരോഹിണി മഹോത്സവത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഇന്ന് പ്രത്യേക പൂജകൾ നടന്നു. പുലർച്ചെ ആരംഭിച്ച ദർശനം ഉച്ചയ്ക്ക് 12:15

വരെ തുടർന്നു. ഇന്ന് വൈകുന്നേരവും പ്രത്യേക ദർശന സമയം ക്രമീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലും ദർശനത്തിനായി നിരവധി പേരാണ് എത്തുന്നത്. ജന്മാഷ്ടമിയോടനുബന്ധിച്ച് വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ വിവിധയിടങ്ങളിൽ ശോഭായാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്. ശോഭായാത്രയോടനുന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ വൈകിട്ട് ഏഴ് വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

****************

## ആറന്മുള (ഇൻട്രോ)

ഭക്തിനിർഭരമായ ചടങ്ങുകളോടെ ആറന്മുള അഷ്ടമിരോഹിണി വള്ളസദ്യയുടെ ഉദ്ഘാടനം നടന്നു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ.**

**(വോയ്സ്)**

****************

## ഗുരുവായൂർ

ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ പുലർച്ചെ മൂന്ന് മണിക്ക് നടന്ന നിർമ്മാല്യ ദർശനത്തോടെയാണ് ഭഗവാന്റെ ജന്മദിനാഘോഷങ്ങൾക്ക് തുടക്കമായത്. തിരക്ക് നിയന്ത്രിക്കുന്നതിനായി ദേവസ്വം ബോർഡും പൊലീസും വിപുലമായ സുരക്ഷാ-ക്രമീകരണങ്ങളാണ് ഏർപ്പെടുത്തി യിട്ടുള്ളത്. വൈകിട്ട് വർണാഭമായ ഘോഷയാത്രയുംഅരങ്ങേറും.

****************

## സർബാനന്ദ സോനോവാൾ

ഹരിത ഷിപ്പിംഗ് എന്നത് ഒരു തിരഞ്ഞെടുപ്പല്ല, മറിച്ച് അനിവാര്യതയാണെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ. ഗുരുഗ്രാമിലെ ദ എനർജി ആൻഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാമ്പസ് സന്ദർശിച്ച് ഹരിത ഷിപ്പിംഗ് സംരംഭങ്ങൾ വിലയിരുത്തുകയായിരുന്നു അദ്ദേഹം. രാജ്യത്തെ തുറമുഖങ്ങൾ, ഹരിത ഇന്ധനങ്ങൾക്കായി സജ്ജമാകേണ്ടതു

RNU TVPM

ണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സർക്കാർ, തുറമുഖങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ, രാജ്യത്തെ ഹരിത ഷിപ്പിംഗിൽ, ആഗോള തലത്തിൽ മുൻനിരയിലെത്തിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു

****************

## കേരള ക്രിക്കറ്റ് ലീഗ് (ഇൻട്രോ)

കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിന്റെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

(വോയ്സ്)

****************

## കേരള സർവകലാശാല

കേരള സർവകലാശാലയുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷൻ എന്ന പേരിൽ പ്രവർത്തിക്കുന്ന വ്യാജ വെബ്സൈറ്റിനെതിരെ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും സർവകലാശാല മുന്നറിയിപ്പ് നൽകി. വിവിധ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകളിലേക്കുള്ള വ്യാജ പ്രവേശന വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന വെബ്സൈറ്റ്, വിദ്യാർഥികളിൽ നിന്ന് രജിസ്ട്രേഷനും ഓൺലൈൻ പേയ്മെന്റും സ്വീകരിക്കുന്നുണ്ട്. പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾ വ്യക്തിഗത വിവരങ്ങൾ കൈമാറുന്നതിനോ പണം അടയ്ക്കുന്നതിനോ മുമ്പ് സർവകലാ ശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

****************

## ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കൊച്ചി മട്ടാഞ്ചേരിയിൽ രണ്ടര കിലോയിൽധികം MDMA യുമായി രണ്ട് പേർ പിടിയിൽ. മട്ടാഞ്ചേരി സ്വദേശി നൗഫലും

RNU TVPM

സുഹൃത്തുമാണ് ഡാൻസാഫ് സംഘത്തിന്റെ പിടിയിലായത്. ഡൽഹിയിൽ നിന്ന് പാഴ്സലായിട്ടാണ് MDMA എത്തിച്ചത്.

****************

## വസ്ത്ര- റീസൈക്ലിങ്

വസ്ത്രങ്ങളുടെ റീസൈക്ലിങ് വർദ്ധിപ്പിക്കുന്നതിന് GeM-ഉം ടെക്സ്റ്റൈൽസ് കമ്മിറ്റിയും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. മുംബൈയിൽ നടന്ന ടെക്സ്റ്റൈൽസ് കമ്മിറ്റിയുടെ 62-ാമത് സ്ഥാപക ദിനാഘോഷ വേളയിൽ ഒപ്പുവെച്ച ധാരണാപത്രത്തിലൂടെയാണ് കരാർ യാഥാർഥ്യമായത് . വസ്ത്ര മാലിന്യങ്ങൾ, ഉപയോഗിച്ച വസ്ത്രങ്ങൾ എന്നിവയെ ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് .

****************

*********

***

RNU TVPM